**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റുന്നതിന് അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകുവാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | തരം മാറ്റത്തിനുള്ള അപേക്ഷ നൽകുന്നതിന് നിയമത്തിൽ കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇതുസംബന്ധിച്ച അപേക്ഷ ആർ.ഡി.ഒ. ഓഫീസുകളിൽ നേരിട്ട് സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) | ഓൺലൈനായിട്ടാണ് നിലവിൽ അപേക്ഷ സ്വീകരിക്കുന്നത്. മുൻഗണനാക്രമം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനും, അപേക്ഷ വേഗത്തിൽ തീർപ്പാക്കുന്നതിനും, സുതാര്യത ഉറപ്പ് വരുത്തുന്നതിനും, ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കുന്നതിനും, ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതാണ് ഉചിതമെന്നതിനാലാണ്, ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നത്. |
| (സി) | അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് ആർ.ഡി.ഒ. ഓഫീസുകളിൽ നേരിട്ടും ഓൺലൈൻ മുഖേനയും അപേക്ഷകൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ; | (സി) | മുൻഗണനാക്രമം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനും, അപേക്ഷ വേഗത്തിൽ തീർപ്പാക്കുന്നതിനും, സുതാര്യത ഉറപ്പ് വരുത്തുന്നതിനും, ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കുന്നതിനും, ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതാണ് ഉചിതമെന്നതിനാലാണ് ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നത്. ആർ.ഡി.ഒ. ഓഫീസുകളിൽ ഉണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനും, ഓൺലൈൻ മുഖാന്തിരം അപേക്ഷ സ്വീകരിക്കുന്നത് മൂലം സാധിക്കുന്നുണ്ട്. |
| (ഡി) | അപേക്ഷകൾ ഓൺലൈൻ വഴി അയക്കുന്നതിന് ഓൺലൈൻ സെർവർ പലയിടത്തും സജ്ജമായിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും അപേക്ഷ സ്വീകരിക്കാനുള്ള കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരമുള്ള ഭൂമിയുടെ തരം മാറ്റം അപേക്ഷകൾ, ഓൺലൈൻ ആയി സ്വീകരിച്ച്, ആവശ്യമായ നടപടികൾ ഓൺലൈൻ ആയി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം ReLIS-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും, 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഭൂമിയുടെ തരം മാറ്റുന്നതിനുള്ള ഓൺലൈൻ സംവിധാനം ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | | | ReLIS സോഫ്റ്റ്‌വെയർ, കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ കീഴിലുള്ള, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആണ് ഹോസ്റ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഓൺലൈൻ സെർവർ പലയിടത്തും സജ്ജമാക്കേണ്ട ആവശ്യമില്ലാത്തതാണ്. കൂടാതെ, തരം മാറ്റം അപേക്ഷകൾ സ്വീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ